**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 769 01/03/2017-ലെ മറുപടിയ്ക്ക്

**<u>ചികിത്സാ ധനസഹായത്തിനുള്ള വരുമാനപരിധി</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുരളി പെരുനെല്ലി | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായത്തിന് അപേക്ഷിക്കുന്നതിന് വരുമാന പരിധി ഒരു ലക്ഷവും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ മന്ത്രിയുടെ ചികിത്സാ ധനസഹായത്തിനുള്ള വരുമാന പരിധി 50,000/-രൂപയുമായതിനാൽ വരുമാന പരിധി കഴിഞ്ഞ എസ്. സി. എസ്. റ്റി വിഭാഗങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ മന്ത്രിയുടെ ധനസഹായത്തിന് അപേക്ഷിക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള വരുമാന പരിധി പട്ടികവർഗ്ഗ വിഭാഗത്തിന് ഒരു ലക്ഷമാക്കി ഉയർത്തിക്കൊണ്ട് 28/10/2013 ലെ സ.ഉ (കൈ) നം. 86/2013/പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) വരുമാനപരിധി ഏകീകരിച്ച് തുല്യ നീതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) പട്ടികജാതിക്കാർക്കുള്ള വരുമാന പരിധി ഒരു ലക്ഷമാക്കി ഉയർത്തുന്ന കാര്യം അനുഭാവ പൂർവ്വം സർക്കാർ പരിശോധിച്ചുവരികയാണ്. |

**സെക്ഷൻ ഓഫീസർ**